**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 604** **13-01-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്ന പെരിങ്ങമല ഗ്രാമപഞ്ചായത്തിലെ രണ്ട് വീടുകൾക്കും നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ആറ് വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരുന്ന നന്ദിയോട് പഞ്ചായത്തിലെ ആറു വീടുകളിൽ നാലു വീടുകൾക്ക് വനം വകുപ്പിന്റെ നിയമാനുസൃതമായ അനുമതിയോടു കൂടി വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. എന്നാൽ നന്ദിയോട് പഞ്ചായത്തിലെ ബാക്കി രണ്ട് വീടുകൾക്കും പെരിങ്ങമല പഞ്ചായത്തിലെ രണ്ട് വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകുവാനായി വനത്തിൽകൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ നാലു അപേക്ഷകരും ജനറൽ വിഭാഗത്തിൽപ്പെടുന്നവരാണ്. |
| (ബി) | വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതു കാരണം വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത വീടുകളിൽ സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത വീടുകളിൽ സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ